# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം: ആ.വ.ഡ:- സീനിയോറിറ്റി ലിസ്റ്റിൽ പേര് ഉൾപ്പെടുത്തുന്നതിനുള്ള ഡോ. കെ.ജി. ശിവരാജൻ, അസിസ്റ്റൻറ് സർജൻെറ അപേക്ഷ പരിഗണിച്ച് ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത്.

സൂചന :-1) ഉത്തരവ് നം.ഇ.എസ്.7-101455/07/ഡി.എച്ച്.എസ്. തീയതി: 21/3/2012.

2) ജി.ഇ. 05/ജി/എസ്.കെ.ജി.-19/970/തീയതി 5/6/2018.

3) എ1-5084/2018/ജി.മെ.ആ തീയതി 31/3/2018.

4)ആർ.ഐ.എ.(3) 24454/99/GW/തീയതി 30/12/2002

5) ഇ.എ3-5558/03/ഡി.എച്ച്.എസ്. തീയതി 3/2/03.

6) ഈ ആഫീസിലെ ഇതേ നം. നോട്ടീസ് തീയതി 4/8/18.

## ഉത്തരവ് നം. ഇ.എസ്.4-31393/18/ആ.വ.ഡ തീയതി 11/9/2018.

ഡോ. കെ.ജി. ശിവരാജൻ, അസിസ്റ്റൻറ് സർജൻ, പ്രാഥമികാരോഗ്യ കേന്ദ്രം, കണ്ടനശ്ശേരി, തൃശ്ശൂർ മേൽ സൂചന 4,5 പ്രകാരം 24/2/2003ൽ ജോലിയിൽ പ്രവേശിച്ചുവെങ്കിലും സൂചന '1' പ്രകാരം 31/12/2006 വരെയുള്ള അസിസ്റ്റൻറ് സർജൻ മാരുടെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെട്ടിട്ടില്ല, ആയതിൽ ഉൾപ്പെടുത്തുന്നതിലേക്കായി സൂചന 3 പ്രകാരം ടിയാൾ ജില്ലാ മെഡിക്കൽ ആഫീസർ മുഖാന്തിരം അപേക്ഷ ലഭ്യമാക്കിയിരിക്കുന്നു.

ഡോ. കെ.ജി. ശിവരാജൻെറ കേരള പബ്ലിക് സർവീസ് കമ്മീഷൻ നിയമന ശുപാർശ, ആരോഗ്യവകുപ്പ് ഡയറക്ടറുടെ നിയമന ഉത്തരവ് എന്നിവ പരിശോധിച്ചതിൽ ടിയാൾക്ക് 939 എ എന്ന സ്ഥാനത്തിന് അർഹനാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ ടിയാളെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്താൻ താൽകാലികമായി തീരുമാനിക്കുകയും സൂചന പ്രകാരം നോട്ടീസ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ആയതിൻമേൽ ആരും തന്നെ ആക്ഷേപങ്ങൾ ഉന്നയിക്കാത്ത സാഹചര്യത്തിൽ തൃശ്ശൂർ കണ്ടനശ്ശേരി, പ്രാഥമികാരോഗ്യകേന്ദ്രത്തിൽ അസിസ്റ്റൻറ് സർജനായ ഡോ. കെ.ജി. ശിവരാജനെ അസിസ്റ്റൻറ് സർജൻമാരുടെ 31/12/06 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ 939 എ എന്ന സ്ഥാനം നൽകി ഉൾപ്പെടുത്തുന്നതിന് താൽകാലികമായി തീരുമാനിച്ചത് സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

| റാങ്ക് നം. | പേര് | നിയമന ശുപാർശയിലെ സ്ഥാനം |
|---|---|---|
| 939 | ഡോ. ലേഖ കെ.എൻ. | -- |
| 939 എ | ഡോ. ശിവരാജൻ കെ.ജി. | 94 |
| 940 | ഡോ. അജിതകുമാരി | 95 |

സൂചന '1' പ്രകാരമുള്ള സീനിയോറിറ്റി പട്ടിക ഇതിനാൽ പരിഷ്കരിച്ചിരിക്കുന്നു.

ഡോ. സരിത ആർ. എൽ.
ആരോഗ്യ വകുപ്പ് ഡയറക്ടർ

പകർപ്പ്:-

1) ഡോ. കെ.ജി. ശിവരാജൻ, അസിസ്റ്റൻറ് സർജൻ
പ്രാഥമികാരോഗ്യകേന്ദ്രം, കണ്ടനശ്ശേരി, ത്രിശ്ശൂർ

2) സൂപ്രണ്ട്, ഇ.എ. സെക്ഷൻ / വെബ് സൈറ്റ്

3)എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും